**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **13-10-2021 - ൽ മറുപടിയ്ക്ക്**

**തീരദേശത്തിന്റെ പൊതുവികസനത്തിനായി പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശത്തിന്റെ പൊതുവികസനത്തിനായി ഈ സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പാക്കേജിൽ ഏതെല്ലാം പദ്ധതികളാണുള്ളത്; വിശദവിവരം നൽകാമോ; | (എ) | തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കും എന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കി വരുന്നത്. തീരദേശത്തിന്റെ വികസനം ലക്ഷ്യമാക്കി മാർക്കറ്റുകളുടെ നവീകരണം, സ്കൂളുകൾ, ആശുപത്രികളുടെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെട്ടു വരുന്നത്. കൂടാതെ തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയും ഉൾപ്പെടുന്നു. 2450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു 1052 കോടി സംസ്ഥാന പദ്ധതി വിഹിതവുമാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന 518.94 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. 1. തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം - 66.35 കോടി രൂപ 2. 51 മാർക്കറ്റുകളുടെ നവീകരണം - 120.57 കോടി രൂപ 3. തീരസംരക്ഷണ പദ്ധതികൾ - 101.59 കോടി രൂപ 4. ഹാർബർ നിർമ്മാണം - 230.43 കോടി രൂപ പാക്കേജിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്-ൽ ഉൾ പ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകാമോ; | (ബി) | തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കും എന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കി വരുന്നത്. തീരദേശത്തിന്റെ വികസനം ലക്ഷ്യമാക്കി മാർക്കറ്റുകളുടെ നവീകരണം, സ്കൂളുകൾ, ആശുപത്രികളുടെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെട്ടു വരുന്നത്. കൂടാതെ തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയും ഉൾപ്പെടുന്നു. 2450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു 1052 കോടി സംസ്ഥാന പദ്ധതി വിഹിതവുമാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന 518.94 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. 1. തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം - 66.35 കോടി രൂപ 2. 51 മാർക്കറ്റുകളുടെ നവീകരണം - 120.57 കോടി രൂപ 3. തീരസംരക്ഷണ പദ്ധതികൾ - 101.59 കോടി രൂപ 4. ഹാർബർ നിർമ്മാണം - 230.43 കോടി രൂപ പാക്കേജിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്-ൽ ഉൾ പ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഹാർബറുകളുടെ വിപുലീകരണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (സി) | ഹാർബറുകളുടെ വിപുലീകരണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളും വേലിയേറ്റപരിധിയിൽ നിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ പുരോഗതിയും വിശദമാക്കാമോ? | (ഡി) | തീരസംരക്ഷണ പ്രവൃത്തികൾ പ്രധാനമായും ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടത്തുന്നത്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേനയും തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.തീരദേശ ശോഷണം കുറയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കിഫ്ബി |

| | | | |
|---|---|---|---|
| | | | ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ NABARD RIDF XXV1-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ വലിയതുറ വരെയുള്ള പ്രദേശത്തെ തിരസംരക്ഷണത്തിന് 1957.43 ലക്ഷം രൂപയക്ക് ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന 2450 കോടി രൂപയുടെ പദ്ധതിയാണ് പുനർഗേഹം. 2019-20 മുതൽ 2021-22 വരെയാണ് പദ്ധതി കാലയളവ്. 2450 കോടി രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതിയിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 06.10.2021 വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാ തല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.  ഇതിൽ മാറി താമസിക്കാൻ തയ്യാറായ 7682 ഗുണഭോക്താക്കളിൽ 2362 പേരുടെ ഭൂമി വില അംഗീകരിച്ചിട്ടുണ്ട്.  1791 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 1298 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്.  625 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേക്ക് താമസം മാറിയിട്ടും ഉണ്ട്. 898 പേരുടെ ഫ്ലാറ്റ് നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

# RIDF NABARD WORKS ABSTRACT

(Amount Rs in lakhs)

| SL No | Tranche | No. of Project | Status | AS amount | RIDF share | State share | Expenditure up to date | Reimbursement Claim submitted up to date | Amount received till date | Anticipated fund requirement for the year 2021-22 |
|---|---|---|---|---|---|---|---|---|---|---|
| 1 | XXII | 11 | 8 works completed<br>3 in progress | 3174.00 | 2899.20 | 274.80 | 2003.47 | 2003.47 | 2136.96 | 800 |
| 2 | XXIII | 4 | 3 works completed<br>1 dropped | 1443.38 | 1276.34 | 167.04 | 574.29 | 574.29 | 724.37 | 160 |
| 3 | XXV | 3 | 2 works to be started<br>1 initiated | 2434.56 | 2312.83 | 121.73 | 0.00 | 0.00 | 0.00 | 100 |
| 4 | XXVI | 4 | 4 works to be started | 2966.17 | 2817.86 | 148.31 | 0.00 | 0.00 | 0.00 | 1150 |
| | | **22** | **11 completed**<br>**4 in progress**<br>**6 to be started**<br>**1 dropped** | **10018.11** | **9306.23** | **711.88** | **2577.76** | **2577.76** | **2861.33** | **2210** |

ഫിഷറീസ് വകുപ്പ് 2018-19 മുതൽ 2020-21 വരെയുള്ള sector-wise തുക വകയിരുത്തലും ചെലവഴിക്കലും

(തുക കോടിയിൽ)

| ക്രമ നം | ഘടകം | 2018-19 | | 2019-20 | | 2020-21 | | ആകെ (2018-19 മുതൽ 2020 -2021 വരെ | |
|---|---|---|---|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് | വകയിരുത്തൽ | ചെലവഴിച്ചത് |
| | തീരദേശ വികസനം | | | | | | | | |
| 1 | | | | | | | | | |
| 12.1 | മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവുംസാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതിയും | 265.46 | 220.30 | 109.60 | 128.07 | 90.00 | 124.96 | **465.06** | **473.33** |
| 1.2 | സമുദ്ര മത്സ്യ മേഖല | 13.07 | 9.43 | 30.00 | 6.14 | 23.00 | 13.37 | **66.07** | **28.94** |
| 1.3 | ആർ.ഐ.ഡി.എഫ് | 25.00 | 18.18 | 25.00 | 18.36 | 23.99 | 10.52 | **73.99** | **47.06** |
| 1.4 | മത്സ്യ വിപണനം | 4.00 | 2.10 | 2.00 | 0.59 | 1.50 | 1.42 | **7.5** | **4.11** |
| തീരദേശ വികസനം ആകെ | | **307.53** | **250.01** | **166.60** | **153.16** | **138.49** | **150.27** | 612.62 | 553.44 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വിജ്ഞാന വ്യാപനം | | | | | | | | | |
| 2 | വിജ്ഞാന വ്യാപനം | 5.51 | 2.57 | 4.50 | 1.61 | 3.50 | 2.49 | 13.51 | 6.67 |
| | | | | | | | | | |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | | | |
| 3.1 | (CSS 60 %) | | | | | | | | |
| 3.1.1 | ഉൾനാടൻ | 7.80 | 7.40 | 16.25 | 6.11 | 15.00 | 10.44 | 39.05 | 23.95 |
| 3.1.2 | തീരദേശ വികസനം | | 0 | | 1.06 | | 3.54 | | 4.60 |
| CSS 60% ആകെ | | 7.80 | 7.40 | 16.25 | 7.17 | 15.00 | 13.98 | 39.05 | 28.55 |
| 3.2 | CSS 75 % | 0 | 1.76 | 0 | 0.60 | 0 | 0 | 0 | 2.36 |
| | | | | | | | | | |
| 3.3 | CSS 100 % | | | | | | | | |
| 3.3.1 | എൻ.സി.ഡി.സി ധനസഹായം | 12.00 | 5.79 | 12.00 | 4.98 | 13.00 | 13.00 | 37.00 | 23.77 |
| ആകെ | | 332.84 | 267.53 | 199.35 | 167.52 | 169.99 | 179.74 | 702.18 | 614.79 |

# അനുബന്ധം 2

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായ്(34.79 കോടി രൂപ), കൊയിലാണ്ടി (63.99 കോടി രൂപ), മഞ്ചേശ്വരം (48.8 കോടി രൂപ) ചേറ്റുവ(30.24 കോടി രൂപ), മുതലപ്പൊഴി(31.02 കോടി രൂപ), വെള്ളയിൽ (39.30 കോടി രൂപ), താനൂർ (44.87 കോടി രൂപ), ചെല്ലാനം (50.00 കോടി രൂപ) എന്നീ 8 മത്സ്യബന്ധന ഹാർബറുകൾ കമ്മീഷൻ ചെയ്തു.

**കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണം നടന്നുവരുന്നു. ചെത്തി മത്സ്യബന്ധന തുറമുഖം ഉടനെ ആരംഭിക്കുന്നതാണ്.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 120.003 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXIII ലെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII (25.37 കോടി)**

1. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം)
2. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം)
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം)
4. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം)

**നബാർഡ് XXV (37.19 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം)
2. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം)

**നബാർഡ് XXVI (57.44 കോടി)**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം)
2. . നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും(1000.00 ലക്ഷം)
3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)

**ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ

നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി ലഭിച്ചു. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം
2. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം - ഫേസ് I
3. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം– ഫേസ്– 1
5. മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ